**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2118

17.02.2016-ലെ മറുപടിയ്ക്ക്

## നന്മ സ്റ്റോറുകൾ ലാഭകരമാക്കുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.സത്യൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ മന്ത്രി) |
| (എ) ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽ എത്ര നന്മ സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ടെന്നും ഇതിൽ ഏതെല്ലാമാണ് ഇപ്പോഴും പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കാമോ; | (എ) ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽ കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന 9 നന്മ സ്റ്റോറുകളും സഹകരണ സംഘങ്ങൾ മുഖാന്തിരം നടത്തുന്ന 7 നന്മ സ്റ്റോറുകളും ആണ് ആരംഭിച്ചിട്ടുള്ളത്. ഇവയെല്ലാം തന്നെ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) ഇതിൽ ഏതെല്ലാം നന്മ സ്റ്റോറുകൾ ലാഭകരമായി പ്രവർത്തിക്കുണ്ടെന്നും ലാഭകരമല്ലാത്തത് ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ; | (ബി) നന്മ സ്റ്റോറുകൾ എല്ലാം തന്നെ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. |
| (സി) നന്മ സ്റ്റോറുകൾ ലാഭകരമാക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) നന്മ സ്റ്റോറുകൾ ലാഭകരമാക്കുന്നതിലേയ്ക്കായി നന്മ പായ്ക്കിംഗ് സെന്ററുകൾ ഒഴിവാക്കിയും ഗോഡൗണുകൾ പുനഃക്രമീകരിച്ചും ചെലവുകൾ കുറച്ചും വാടക ഒഴിവാക്കിയും നോൺ സബ്സിഡി ഇനങ്ങളുടെ വിൽപ്പന വർദ്ധിപ്പിച്ചും കൺസ്യൂമർഫെഡ് ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസൃതമായി സാധനങ്ങൾ ലഭ്യമാക്കിയും ഫെഡറേഷൻ തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ